# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 875 | 13/06/2012 ൽ മറുപടിക്ക്

**കാഴ്ച ബംഗ്ളാവുകളും മൃഗശാലകളും നവീകരിക്കുന്നതിന് പദ്ധതി**

ചോദ്യം | ഉത്തരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവുംയുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാഴ്ചബംഗ്ളാവുകളും മൃഗശാലകളും നവീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) | **1)** നേപ്പിയർ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് തീരുമാനിച്ചു.<br>2) എൻ.എച്ച്.മ്യൂസിയത്തിലെ പ്രവേശന ഗ്യാലറിയുടെ സീലിംഗ്, ത്തൂണുകൾ അനുബന്ധമായുള്ള ഭാഗങ്ങൾ എന്നിവ വുഡൻ പാനലിംഗ് നടത്തുന്നതിന് തീരുമാനിച്ചു.<br>3) ചിൽഡ്രൻസ് ആക്ടിവിറ്റി സെന്ററിൽ 3 ഡി.തീയറ്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.<br>4) ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പാർക്ക് വ്യൂ മ്യൂസിയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>5) തൃശ്ശൂർ മ്യൂസിയത്തിലെ ഫ്ളോറിംഗ് നവീകരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.<br>6) കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുതിയ മന്ദിരം ചെയ്യുന്നതിന് 8 കോടി രൂപയുടെ പ്രൊപ്പോസൽ സഹിതം ധനസഹായം ലഭിക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.<br>7) കെ.സി.എസ്.പണിക്കർ ഗ്യാലറി ആധുനികവൽക്കരിക്കുന്നതിന് 50 ലക്ഷത്തിലധികം രൂപ ചെലവിൽ നടപടി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് വരുന്നു.<br>8) തിരുവനന്തപുരം മൃഗശാലയിലെ പക്ഷികൾക്ക് സ്വതന്ത്രമായി പറക്കുന്നതിനുള്ള വിശാലമായ പക്ഷിക്കൂടിന്റെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി മൃഗങ്ങളുടെ നിലവിലുള്ള കൂടുകൾ നവീകരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്തുവരുന്നു.<br>9) മൃഗശാലയിൽ പുതിയതായി മൃഗങ്ങളെ കൊണ്ടു വരുമ്പോൾ അവയിൽ നിന്നും മറ്റ് മൃഗങ്ങൾക്ക് രോഗമുണ്ടാകാതെ സൂക്ഷിക്കുന്നതിനായി ക്വാറന്റയിൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) | മ്യൂസിയവും മൃഗശാലയും നവീകരിക്കുന്നതിനായി ആകെ 11 കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മൃഗശാലകളും കാഴ്ചബംഗ്ളാവുകളും സന്ദർശിക്കുന്നവർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; | (ഡി) | മ്യൂസിയം മൃഗശാലാ സന്ദർശകർക്ക് കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ കൂളറുകൾ സ്ഥാപിച്ചിട്ടുണ്ട്. സന്ദർശകരുടെ വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ വാട്ടർ കൂളറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ആവശ്യമുള്ള സന്ദർശകർക്കായി വീൽചെയറുകൾ നൽകി വരുന്നു. വീൽ ചെയറുകൾ കയറ്റാൻ മ്യൂസിയങ്ങളിൽ റാമ്പുകൾ സ്ഥാപിച്ചു. മൃഗശാലയിൽ ഇ-ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടികൾക്കായി ചിൽഡ്രൻസ് പാർക്കിൽ കൂടുതൽ കളി ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്.<br>കുട്ടികൾക്കായി ആക്ടിവിറ്റി സെന്റർ, 3 ഡി തീയറ്റർ എന്നിവ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഇ) | ഇതിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഇ) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ